26/05/2020

28. 2. 20

# സംസ്ഥാന വിവരാവകാശകമ്മീഷൻ കേരളം

## തിരുവനന്തപുരം–695 001

Tel: 0471 2561612/2561613/2561614/2335199, Fax: 0471 2330920

Email: sic.ker@nic.in

ഹർജി നമ്പർ **AP 2913(6)/2015/SIC** തീർപ്പുകൽപ്പിച്ചുകൊണ്ടുള്ള നടപടിക്രമം

**File No.18606/SIC-Gen5/2015**

സന്നിഹിതൻ

ശ്രീ. വിൻസൻ എം.പോൾ, മുഖ്യ വിവരാവകാശ കമ്മീഷണർ

ശ്രീ. മഠത്തിൽ ചന്ദ്രൻ,
പൊക്കിനാളിൽ,
പറമ്പിൽക്കടവ്,
കോഴിക്കോട് – 673 012. } അപ്പീൽ ഹർജിക്കാരൻ

1. സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ & ഡെപ്യൂട്ടി കളക്ടർ (ആർ.ആർ), കളക്ടറേറ്റ്, കോഴിക്കോട്.
2. അപ്പീൽ അധികാരി & ജില്ലാ കളക്ടർ, കളക്ടറേറ്റ്, കോഴിക്കോട്.

} എതിർകക്ഷികൾ

| | |
|---|---|
| 6(1) വകുപ്പുപ്രകാരമുള്ള അപേക്ഷ തീയതി | 22.6.2015 |
| മറുപടി ലഭ്യമാക്കിയ തീയതി | 9.7.2015 |
| ഒന്നാം അപ്പീൽ സമർപ്പിച്ച തീയതി | 10.8.2015 |
| ഒന്നാം അപ്പീൽ തീർപ്പാക്കിയ തീയതി | 23.9.2015 |
| കമ്മീഷനിൽ അപ്പീൽ സമർപ്പിച്ച തീയതി | 5.12.2015 |
| കമ്മീഷനിൽ അപ്പീൽ ലഭിച്ച തീയതി | 8.12.2015 |
| കമ്മീഷൻ റിപ്പോർട്ട് ആവശ്യപ്പെട്ട തീയതി | 31.12.2015, 15.2.2020 |
| മേൽ പ്രകാരമുള്ള റിപ്പോർട്ട് ലഭിച്ച തീയതി | 25.2.2020 |
| ഹിയറിംഗ് നടന്ന തീയതി & സ്ഥലം | 27.2.2020, വീഡിയോ കോൺഫറൻസ് ഹാൾ, കളക്ടറേറ്റ്, കോഴിക്കോട് |
| ഹിയറിംഗ് സാന്നിദ്ധ്യം : അപ്പീൽ ഹർജിക്കാരൻ<br>എസ്.പി.ഐ.ഒ | ഹാജരായി<br>ഹാജരായി. |

## ഉത്തരവ്

അപ്പീൽ ഹർജിക്കാരനായ ശ്രീ. മഠത്തിൽ ചന്ദ്രൻ, കമ്മീഷൻ മുമ്പാകെ സമർപ്പിച്ച അപ്പീൽ ഹർജിയിൽ ബോധിപ്പിച്ചത്, ടിയാന്റെ അപേക്ഷയിൽ ആവശ്യപ്പെട്ട വിവരങ്ങൾ സംബന്ധിച്ച് ഒന്നാം എതിർകക്ഷി നൽകിയ മറുപടി

തൃപ്തികരമായിരുന്നില്ല എന്നും ആയതിനാൽ രണ്ടാം എതിർകക്ഷി മുമ്പാകെ അപ്പീൽ നൽകിയെങ്കിലും മൂന്ന് മാസങ്ങൾ കഴിഞ്ഞിട്ടും യാതൊരു മറുപടിയും ലഭിച്ചിട്ടില്ലെന്നും നേരിട്ട് പോയി മറുപടി ആവശ്യപ്പെട്ടിട്ടും നൽകിയില്ലെന്നും മറ്റുമാണ്.

2 ഒന്നാം എതിർകക്ഷി മുമ്പാകെ സമർപ്പിച്ച അപേക്ഷയിൽ ഹർജിക്കാരൻ ആവശ്യപ്പെട്ടത് താഴെപ്പറയുന്ന വിവരങ്ങളാണ് :

i. കോഴിക്കോട് ജില്ലാ കളക്ടറുടെ 5.2.2015 ലെ എൻ2-20579/14 കത്ത് പ്രകാരം ഹർജിക്കാരൻ ബോധിപ്പിച്ച അപ്പീൽ പ്രകാരം രണ്ട് എതിർകക്ഷികളിൽ ഒരാളെ മാത്രം നേർ വിചാരണയ്ക്ക് വിളിക്കുകയും 4 മാസം കാലതാമസം വരുത്തുകയും പ്രധാന എതിർകക്ഷിയായ ഗോപാലനെ മാറ്റി നിറുത്തുകയും ചെയ്തത് നേർ വിചാരണ അട്ടിമറിക്കാനും തെറ്റ് ചെയ്ത തഹസിൽദാരെ രക്ഷപ്പെടുത്താനും വേണ്ടി അല്ലേ എന്നും അല്ലെങ്കിൽ ഗോപാലനെ പങ്കെടുപ്പിക്കാതെ മാറ്റി നിർത്തിയതിന്റെ കാരണം എന്താണെന്നും

ii. ഹർജിക്കാരന്റെ പരാതി പരിഹരിക്കുന്നതിന്റെ ഭാഗമായി ആർ.ഡി.ഒ 29.1.2019 നേർ വിചാരണ നടത്തി ഉത്തരവ് ആയതാണെന്നും മേൽപ്പടി ഉത്തരവ് നിലനിറുത്തി തരാത്തത് എന്തുകൊണ്ടാണെന്നും

iii. ഗോപാലനെ അന്വേഷണത്തിൽ ഉൾപ്പെടുത്തുന്നതിൽ അധികാരികൾ മടി കാണിക്കുന്നത് എന്തിനാണെന്നും

iv. വ്യാജ ആധാരം രജിസ്റ്റർ ചെയ്തു കൊടുത്ത ഗോപാലനേയും അത് കൈവശം വയ്ക്കുന്ന സുനിതയേയും പരാതിക്കാരനായ ഹർജിക്കാരനെയും ഉൾപ്പെടെ നേർ വിചാരണ നടത്താൻ മടിക്കുന്നതിന്റെ കാരണം എന്താണെന്നുമാണ്.

മേൽപ്പടി അപേക്ഷയിന്മേൽ ഒന്നാം എതിർകക്ഷി നൽകിയ മറുപടിയിൽ അറിയിച്ചത്, 11.6.2015 തീയതി നടന്ന ഹിയറിംഗിൽ ശ്രീ. ഗോപാലൻ ഹാജരായിട്ടുണ്ട് എന്നും ഹർജിക്കാരൻ ആവശ്യപ്പെട്ടിരിക്കുന്നത് സാങ്കൽപിക ചോദ്യത്തിനുള്ള മറുപടിയാണെന്നും വിശദീകരണം വിവരാവകാശ നിയമപ്രകാരം നൽകേണ്ടതില്ല എന്നും ബന്ധപ്പെട്ട ഫയലുകളും രജിസ്റ്ററുകളും ഹർജിക്കാരന് നേരിൽ പരിശോധിക്കാവുന്നതാണെന്നുമാണ്. ഹർജിക്കാരൻ രണ്ടാം എതിർകക്ഷി മുമ്പാകെ സമർപ്പിച്ച അപ്പീൽ അപേക്ഷയിൽ പ്രസ്താവിച്ചത്, ഒന്നാം എതിർകക്ഷി നൽകിയ മറുപടി തൃപ്തികരമല്ലെന്നും 24.6.2015 തീയതി നടന്ന ഹിയറിംഗിൽ ഹർജിക്കാരൻ പങ്കെടുത്തെന്നും എന്നാൽ പങ്കെടുക്കേണ്ടിയിരുന്ന സുനിത പങ്കെടുത്തില്ലെന്നും ബന്ധപ്പെട്ട തഹസിൽദാരും പങ്കെടുത്തില്ലെന്നും ജില്ലാ കളക്ടറുടെ 28.12.2013 ലെ

എൻ2–52886/13 നമ്പർ ഉത്തരവ് നടപ്പാക്കാതെ നീട്ടികൊണ്ട് പോവുകയാണെന്നും മറ്റുമാണ്. മേൽപ്പടി അപ്പീൽ അപേക്ഷ തീർപ്പാക്കി പുറപ്പെടുവിച്ച ഉത്തരവിൽ രണ്ടാം എതിർകക്ഷി പ്രസ്താവിച്ചത്, ഭൂ നികുതി സ്വീകരിക്കുന്നതിനായി ബന്ധപ്പെട്ട കോഴിക്കോട് തഹസിൽദാരുടെ ഉത്തരവിനെതിരെ ഹർജിക്കാരൻ സമർപ്പിച്ച അപ്പീൽ സംബന്ധിച്ച വിവരങ്ങളാണ് അതിൽ ആവശ്യപ്പെട്ടിരുന്നതെന്നും ബന്ധപ്പെട്ട ഫയൽ പരിശോധിച്ചതിൽ നിന്നും വിവരാവകാശ നിയമ പ്രകാരമുള്ള മറുപടി ഹർജിക്കാരന്റെ അപേക്ഷയിന്മേൽ ഒന്നാം എതിർകക്ഷി നൽകിയിരുന്നു എന്നും ആയതിനാൽ ഹർജിക്കാരന്റെ അപ്പീലിന്മേലുള്ള നടപടികൾ അവസാനിപ്പിച്ചിരിക്കുന്നു എന്നുമാണ്.

3. അപ്പീൽ ഹർജിയും ബന്ധപ്പെട്ട രേഖകളും പരിശോധിച്ചതിൽ, ഹർജിക്കാരന്റെ അപേക്ഷയിൽ ആവശ്യപ്പെട്ടിരിക്കുന്നത് വിശദീകരണവും നിയമ വ്യഖ്യാനവും അഭിപ്രായ പ്രകടനവും മറ്റും ആണെന്നു കാണുന്നു. ആയത് വിവരാവകാശ നിയമത്തിലെ 2(എഫ്) പ്രകാരം നിർവ്വചിച്ചിട്ടുള്ള ' വിവരം 'എന്നതിന്റെ പരിധിയിൽ വരുന്നതല്ലെന്നു കമ്മീഷന് ബോദ്ധ്യമാകുന്നു. ഹർജിക്കാരന്റെ പ്രധാന ആക്ഷേപം ബന്ധപ്പെട്ട നേർ വിചാരണയിൽ പ്രധാന എതിർകക്ഷിയായ ഗോപാലൻ പങ്കെടുത്തിരുന്നില്ല എന്നതാണ്. എന്നാൽ ഒന്നാം എതിർകക്ഷി നൽകിയ മറുപടിയിൽ 11.6.2015 തീയതി നടന്ന ഹിയറിംഗിൽ ശ്രീ. ഗോപാലൻ പങ്കെടുത്തിരുന്നു എന്ന് വ്യക്തമാക്കിയിട്ടുള്ളതായി കാണുന്നു. ഹർജിക്കാരൻ ഏതെങ്കിലും വിവരത്തിന് ആയിരുന്നില്ല അപേക്ഷ സമർപ്പിച്ചിരിക്കുന്നത് എന്നും ബന്ധപ്പെട്ട നേർ വിചാരണയിൽ സംഭവിച്ചു എന്ന് ഹർജിക്കാരൻ അവകാശപ്പെടുന്ന പോരായ്മകൾ ചൂണ്ടിക്കാട്ടുകയാണ് ചെയ്തിട്ടുള്ളതെന്ന് കാണുന്നു. ആയത് വിവരാവകാശ നിയമത്തിന്റെ പരിധിയിൽ വരാത്ത വിഷയങ്ങൾ ആകയാൽ ഈ അപ്പീൽ ഹർജിയിൽ മറ്റു നടപടികൾ ആവശ്യമില്ലെന്നു വിലയിരുത്തി, ഈ അപ്പീൽ ഹർജി ഇന്നേ ദിവസം 2020 ഫെബ്രുവരി 28–ാം തീയതി കമ്മീഷൻ തീർപ്പാക്കുന്നു.

ഒപ്പ്

വിൻസൻ എം.പോൾ
മുഖ്യ വിവരാവകാശ കമ്മീഷണർ

STATE INFORMATION COMMISSION ★ KERALA, THIRUVANANTHAPURAM ★

സാക്ഷ്യപ്പെടുത്തിയ പകർപ്പ്

അഡീഷണൽ സെക്രട്ടറി (നിയമം)

bnk